പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2087 — 26.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ മൂലധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള മൂലധനം എത്രയാണ്; ഈ സർക്കാർ പുതുതായി എത്ര കോടി രൂപ മൂലധനമായി നൽകുകയുണ്ടായി; | (എ) | 31.03.2012 ലെ കണക്കു പ്രകാരം കെ.എസ്.ആർ.ടി.സി. യിൽ സംസ്ഥാന സർക്കാരിൻെറ മൂലധന നിക്ഷേപമായി 506.82 കോടി രൂപയും, കേന്ദ്ര ഗവൺമെന്റിന്റെ മൂലധന നിക്ഷേപമായി 23.21 കോടി രൂപയും ഉണ്ട്. 2011 - 12 ൽ 42 കോടി രൂപയും 2012-13 ൽ 57.07 കോടി രൂപയും സംസ്ഥാന സർക്കാർ മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ പുതിയ എത്ര ബസ്സുകൾ ആവശ്യമാണെന്നും അതിനായി എന്തു തുക ആവശ്യമായി വരുമെന്നും അറിയിക്കുമോ; | (ബി) | കാലാവധി എത്തി സ്ക്രാപ്പ് ചെയ്യപ്പെടുന്ന ബസ്സുകൾക്ക് പകരം നൽകുന്നതിന് 240 ബസ്സുകളും, ഉയർന്ന ക്ലാസ്സിലുള്ള ബസ്സുകൾ 5 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാറ്റുന്നതിന് 270 ബസ്സുകളും ആവശ്യമാണ്. ഇതിനായി ഉദ്ദേശം 102 കോടി രൂപ ആവശ്യമാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ കടം വാങ്ങാനുള്ള ശേഷി പരമാവധി എത്രയാണ്; | (സി) | സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയാണ് കെ.എസ്. ആർ.ടി.സി. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങുന്നത്. ഇതിന് പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. |
| (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തിക്കാൻ എന്ത് തുക യുടെ ആവശ്യം ഉണ്ട്; സംസ്ഥാന സർക്കാർ എന്ത് തുക നൽകിയിട്ടുണ്ട്; ഇനിയും വേണ്ടി വരുന്ന തുക ഏതെല്ലാം രീതിയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു? | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവും-ചെലവും തമ്മിലുള്ള അന്തരം 90 കോടി രൂപയാണ്. 2013-14 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ സുഗമമായ പ്രവർത്തനത്തിനായ് 1,080 കോടി രൂപയുടെ ആവശ്യമുണ്ട്. 2011 - 12 ൽ 214 കോടി രൂപയും, 2012-13 ൽ 260.07 കോടി രൂപയും ഈ സർക്കാർ വിവിധ ഇനങ്ങളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ, സർക്കാർ കെ.എസ്.ആർ.ടി.സി. യ്ക്ക് ആകെ 384 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>360 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും ലോണിനത്തിൽ സ്വരൂപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ